# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

## ചെമ്പഴന്തി സൗത്ത് ശാഖ

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം ചെമ്പഴന്തി സൗത്ത് ശാഖ വനിതാസംഘത്തിന്റെ ആഭിമുഖ്യത്തിൽ മാസംതോറും നടത്തിവരാറുള്ള കുടുംബൈശ്വര്യ പ്രാർത്ഥനായോഗം ഇന്ന് വൈകിട്ട് 3.30ന് ബാബുക്കുട്ടന്റെ വസതിയായ വെഞ്ചാവോട് ശ്രീനഗർ കോയിക്കലേഴത്ത് നടക്കും.

## പാളയം ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി. യോഗം ഡോ.പി.പല്പു സ്മാരക യൂണിയനിലെ പാളയം ശാഖയിൽ വാർഷിക പൊതുയോഗവും ഭരണസമിതി തരഞ്ഞെടുപ്പും ശാഖാ പ്രസിഡന്റ് അമ്പിളിയുടെ അദ്ധ്യക്ഷതയിൽ എം.എൻ.വി.ജി. അടിയോടി ഹാളിൽ ഇന്ന് രാവിലെ 10ന് നടക്കും. പൊതുയോഗം യൂണിയൻ പ്രസിഡന്റ് ഉപേന്ദ്രൻ കോൺട്രാക്ടർ ഉദ്ഘാടനം ചെയ്യും. സെക്രട്ടറി അനീഷ് ദേവൻ മുഖ്യപ്രഭാഷണം നടത്തും. വൈസ് പ്രസിഡന്റ് എം.കെ. ദേവരാജ് ആശംസാപ്രസംഗവും പി.സി. വിനോദ്, സോമസുന്ദരം, സതികുമാരി, ആശാരാജേഷ്, കരമന രാജീവ്, അരുൺകുമാർ, ഷജിൽകുമാർ, ഇന്ദു സിദ്ധാർത്ഥ്, രാധ എന്നിവർ പങ്കെടുക്കും. സദാനന്ദൻ.എം ആത്മീയ പ്രഭാഷണവും ശാഖാ സെക്രട്ടറി രമേഷ് റിപ്പോർട്ട് കണക്കവതരണവും നടത്തും. സി.എസ്.പ്രദീപ് കുമാർ സ്വാഗതവും ഉദയകുമാരി നന്ദിയും പറയും.

## കാഞ്ഞിരംപാറ ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം കാഞ്ഞിരംപാറ ശാഖയിലെ വനിതാസംഘത്തിന്റെ പ്രതിമാസ യോഗം ചെയർപേഴ്സൺ കുശലകുമാരിയുടെ അദ്ധ്യക്ഷതയിൽ നടന്നു. ഡോ. പല്പു സ്മാരക യൂണിയൻ വനിതാസംഘം സെക്രട്ടറി ആശാരാജേഷ് ഉദ്ഘാടനം ചെയ്തു. വൈസ് ചെയർപേഴ്സൺ അജിതകുമാരി, കൺവീനർ ലോലാമണി, ജോയിന്റ് കൺവീനർമാർ ബീന, ശാലിനി, കമ്മിറ്റി അംഗങ്ങൾ രജനി, രാജലക്ഷ്മി തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് ജനുവരി 13ന് പൊതുയോഗവും തിരഞ്ഞെടുപ്പും നടത്താൻ തീരുമാനിച്ചു.

## വെൺപാലവട്ടം ക്ഷേത്രം

തിരുവനന്തപുരം : വെൺപാലവട്ടം ശ്രീഭഗവതി ക്ഷേത്രത്തിൽ സർവൈശ്വര്യ സിദ്ധിക്കായി നടത്തുന്ന മഹാദീപപ്രദക്ഷിണ പൂജ ഇന്ന് രാവിലെ 9ന് ശ്രീദുർഗാദേവി ക്ഷേത്ര സന്നിധിയിൽ ക്ഷേത്ര മേൽശാന്തിയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കും. 10ന് ദീപപ്രദക്ഷിണവും തുടർന്ന് കഷായ കലശാഭിഷേകവും ഉണ്ടായിരിക്കും. എല്ലാ ഭക്തജനങ്ങളും പങ്കെടുക്കണമെന്ന് ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ ഡോ. ബിജു രമേശ് അഭ്യർത്ഥിച്ചു.

## ചതയദിന അന്നദാനം

തിരുവനന്തപുരം : എസ്.എൻ.ഡി.പി. യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയന്റെ ചതയദിന അന്നദാന ഫണ്ടിലേക്ക് തോപ്പിനകം ശാഖാ സെക്രട്ടറി എ. ശ്രീനിവാസന്റെയും എൻ. ദമയന്തിയുടെയും മകളായ ശ്രീപ്രിയയുടെ വിവാഹദിനത്തോടനുബന്ധിച്ച് 1001/- രൂപ സംഭാവന നൽകിയതായി യൂണിയൻ സെക്രട്ടറി ആലുവിള അജിത്ത് അറിയിച്ചു.

## അജയൻ അനുസ്മരണവും പെരുന്തച്ചൻ പ്രദർശനവും

തിരുവനന്തപുരം: പെരുന്തച്ചൻ എന്ന ചിത്രത്തിലൂടെ മലയാള സിനിമയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച തോപ്പിൽ അജയന് ആദരസൂചകമായി അനുസ്മരണ യോഗവും പെരുന്തച്ചൻ സിനിമാ പ്രദർശനവും സംഘടിപ്പിക്കും. 18ന് വൈകിട്ട് 5.30ന് തൈക്കാട് ഭാരത് ഭവനിൽ പ്രേംനസീർ സുഹൃത്ത് സമിതി, കേരള ചലച്ചിത്ര അക്കാദമി, ഭാരത് ഭവൻ എന്നിവർ സംയുക്തമായി സംഘടിപ്പിക്കുന്ന ചടങ്ങ് സി.ദിവാകരൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും. എം.എഫ് തോമസ് അദ്ധ്യക്ഷത വഹിക്കും. ഭാരത് ഭവൻ മെമ്പർ സെക്രട്ടറി പ്രമോദ് പയ്യന്നൂർ, ചലച്ചിത്ര താരങ്ങളായ നെടുമുടി വേണു, ജലജ, മീഡിയ അക്കാദമി ചെയർമാൻ അർ.എസ് ബാബു, തെക്കൻസ്റ്റാർ ബാദുഷ, കടയ്ക്കൽ രമേശ്, ഗോപീകൃഷ്ണൻ, അഡ്വ. തോപ്പിൽ സോമൻ, അഡ്വ. റൂബിരാജ് തുടങ്ങിയവർ പങ്കെടുക്കും. രാത്രി 7ന് പെരുന്തച്ചൻ സിനിമാ പ്രദർശനവും ഉണ്ടായിരിക്കും.

## തൊഴിൽ പരിശീലനം

തിരുവനന്തപുരം: എസ്.എസ്.എൽ.സി/പ്ലസ്ടു/ഡിഗ്രി കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത സങ്കേതിക കോഴ്സുകളിൽ പരിശീലനം നൽകുന്നതിനായി സെന്റർ ഫോർ എക്സലൻസിയുമായി ചേർന്ന് പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കുന്ന പരിശീലന പരിപാടിയിലേക്കുള്ള ഇന്റർവ്യൂ 18 ന് നടക്കും. ഡെസ്ക്ടോപ്പ് എൻജിനിയറിംഗ് (പത്ത്/ പ്ലസ് ടു/ ബിരുദം), നെറ്റ് വർക്കിംഗ് സപ്പോർട്ട് എൻജിനിയർ (പത്ത്/ പ്ലസ് ടു/ ബിരുദം/ ബിരുദാനന്തര ബിരുദം), സോഫ്റ്റ് വയർ ഡെവലപ്മെന്റ് (പ്ലസ് ടു/ ഗ്രാഡ്വേറ്റ്/ പോസ്റ്റ് ഗ്രാഡ്വേറ്റ്) ഇവയാണ് കോഴ്സുകൾ. താത്പര്യമുള്ളവർ പ്രായം, വിദ്യാഭ്യാസ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം നെടുമങ്ങാട് ഐ.ടി.ഡി.പി ഓഫീസിൽ രാവിലെ 10.30 ന് ഹാജരാകണം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 1,000 രൂപ പ്രതിമാസം സ്റ്റൈപൻഡും 5,000 രൂപ ഇന്റേൺഷിപ്പും ലഭിക്കും. കൂടുതൽ വിവരങ്ങൾ ഐ.ടി.ഡി.പി നെടുമങ്ങാട്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, നെടുമങ്ങാട്, വാമനപുരം, കാട്ടാക്കട എന്നിവിടങ്ങളിൽ ലഭിക്കും.

## ഇന്ന് വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: കഴക്കൂട്ടം വൈദ്യുതി സെക്ഷനിലെ കഴക്കൂട്ടം, വെട്ടുറോഡ്, എൻ.എച്ച്. റോഡ് എന്നിവിടങ്ങളിൽ ഇന്ന് രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും.

## ജനമൈത്രി സുരക്ഷായോഗം ഇന്ന്

തിരുവനന്തപുരം: മ്യൂസിയം ജനമൈത്രി പൊലീസും പുല്ലേക്കോണം, ശ്രീരംഗം ലെയ്ൻ റസിഡന്റ്സ് അസോസിയേഷനുകളും സംയുക്തമായി ഇന്ന് വൈകിട്ട് 3ന് ജനമൈത്രി സുരക്ഷായോഗം സംഘടിപ്പിക്കുന്നു. ശാസ്തമംഗലം ജംഗ്ഷനിലെ എൻ.എസ്.എസ് കരയോഗം ഹാളിൽ നടക്കുന്ന പരിപാടിയിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, കൗൺസിലർമാർ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുക്കുമെന്ന് മ്യൂസിയം സ്റ്റേഷൻ ഹൗസ് ഓഫീസർ അറിയിച്ചു.

## പരാതി സമർപ്പണ സംവിധാനം ഉദ്ഘാടനം

തിരുവനന്തപുരം: സംസ്ഥാന ന്യൂനപക്ഷ കമ്മിഷന്റെ ആഭിമുഖ്യത്തിൽ ന്യൂനപക്ഷ ദിനാചരണവും നവീകരിച്ച പരാതി സമർപ്പണ സംവിധാനത്തിന്റെ ഉദ്ഘാടനവും 18ന് നടക്കും. ശാസ്തമംഗലത്തെ കമ്മിഷൻ ഓഫീസിൽ നടക്കുന്ന ചടങ്ങ് രാവിലെ 10.30 ന് മന്ത്രി ഡോ കെ.ടി. ജലീൽ ഉദ്ഘാടനം ചെയ്യും. കമ്മിഷൻ ചെയർമാൻ പി.കെ. ഹനീഫ അദ്ധ്യക്ഷത വഹിക്കും. അംഗങ്ങളായ ബിന്ദു എം. തോമസ്, അഡ്വ. മുഹമ്മദ് ഫൈസൽ, ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. എ.ബി. മൊയ്തീൻ കുട്ടി, ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം പ്രിൻസിപ്പൽ പ്രൊഫ അബ്ദുൽ അയൂബ്.എ, ന്യൂനപക്ഷ കമ്മിഷൻ മെമ്പർ സെക്രട്ടറി ബിന്ദു തങ്കച്ചി എം.കെ, രജിസ്ട്രാർ സാബിർ ഹുസൈൻ എന്നിവർ സംബന്ധിക്കും.

## കൊടുങ്ങാനൂരിൽ നങ്ങ്യാർക്കൂത്ത്

തിരുവനന്തപുരം: ഇൻഫോസിസ് ഫൗണ്ടേഷനും ഭാരതീയ വിദ്യാഭവനും സംയുക്തമായി സംഘടിപ്പിക്കുന്ന കൾചറൽ ഔട്ട്റീച്ച് പ്രോഗ്രാമിന്റെ ഭാഗമായി കൊടുങ്ങാനൂർ ഭാരതീയ വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂൾ ആഡിറ്റോറിയത്തിൽ ഇന്ന് ഉച്ചയ്ക്ക് ഒന്നിന് നങ്ങ്യാർക്കൂത്ത് നടക്കും. മാർഗി ഉഷയും സംഘവും ദാരികവധം നങ്ങ്യാർക്കൂത്താണ് വേദിയിലെത്തിക്കുന്നത്.

### ആഘോഷങ്ങളെ വരവേറ്റ് ആംബിയൻ ലൈറ്റുകൾ

# സമുദ്രാബീച്ച് റോഡ് ഇരുളിൽ...

▶ഷാജിമോൻ




കോവളം: ക്രിസ്മസ്, ന്യൂയർ ആഘോഷങ്ങളെ വരവേറ്റ് ബീച്ചിലും നടപ്പാതയിലും മനോഹരമായ ലൈറ്റുകൾ പ്രകാശം ചൊരിഞ്ഞതോടെ സുരക്ഷിതമായ വിനോദസഞ്ചാരകേന്ദ്രമാകുകയാണ് കോവളം. ഇതോടെ സി.സി.ടിവി നിരീക്ഷണത്തിലുള്ള സമഗ്ര സുരക്ഷാപദ്ധതി യാഥാർത്ഥ്യമാകുകയാണ്. എന്നാൽ ടൂറിസം വകുപ്പും വൈദ്യുതിബോർഡും തമ്മിലുള്ള കരാറിനെ സംബന്ധിച്ചുള്ള തർക്കം മൂലം സമുദ്രാബീച്ച് റോഡിൽ സ്ഥാപിച്ച 20 ലൈറ്റുകൾ കത്തിക്കുന്നതിനുള്ള നടപടികൾ വൈകുകയാണ്.

വിദേശവനിതയുടെ കൊലപാതകത്തെ തുടർന്നാണ് യുദ്ധകാലാടിസ്ഥാനത്തിൽ കോവളം ബീച്ചിൽ സുരക്ഷാപദ്ധതികൾ നടപ്പാക്കിയത്. ലൈറ്റുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി കെൽട്രോൺ ടെക്നീഷ്യൻമാരെയും നിയോഗിച്ചിട്ടുണ്ട്. ടൂറിസം ഡയറക്ടറുടെ പേരിൽ വരുന്ന വൈദ്യുതബിൽ മൂന്ന് മാസത്തിനു ശേഷം നഗരസഭയ്ക്ക് കൈമാറുവാനാണ് ടൂറിസം വകുപ്പിന്റെ നീക്കം. എന്നാൽ നഗരസഭാധികൃതർ ഇതിനെക്കുറിച്ച് യാതൊന്നും പ്രതികരിക്കാനും തയാറായില്ല.

കോവളത്ത് ആദ്യമായാണ് ടൂറിസം വകുപ്പ് രാത്രിമുഴുവൻ സംരക്ഷണം നൽകുന്ന ആംബിയൻ ലൈറ്റുകൾ സ്ഥാപിക്കുന്നത്. എഫ്.ആർ.പി കോട്ടിംഗ് ചെയ്ത പൈപ്പുകളിലായി 15 വോൾട്ടിന്റെ എൽ.ഇ.ഡി ബൾബുകളാണ് ഉപയോഗിച്ചിരിക്കുന്നത്.

3 മീറ്റർ ഉയരത്തിലായി 15 മീറ്റർ വീതം അകലത്തിൽ സ്ഥാപിച്ച ലൈറ്റുകൾ വൈകിട്ട് 6 മുതൽ രാവിലെ 6 വരെ ടൈമറിന്റെ സഹായത്തോടെയാണ് പ്രകാശിക്കുന്നത്.

കെൽട്രോൺ കരകുളം യൂണിറ്റ് നിർമ്മിച്ച ലൈറ്റിന്റെ മേൽനോട്ട ചുമതല 5 വർഷം അവരുടെ അധീനതയിലായിരിക്കും.

| | | |
|---|---|---|
| നിർമ്മാണം പൂർത്തിയാക്കിയത് | 3 | മാസം കൊണ്ട് |
| ലൈറ്റുകളുടെ നിർമ്മാണ ചെലവ് | 1 | കോടി രൂപ |
| നിർമ്മിച്ചത് കെൽട്രോൺ | | |

### തീരത്ത് സ്ഥാപിച്ച ലൈറ്റുകളുടെ എണ്ണം

■ആംബിയൻ ലൈറ്റുകൾ

വെള്ളാർ ജംഗ്ഷൻ മുതൽ സമുദ്രാബീച്ച് വരെ- 40

സമുദ്രാബീച്ച് മുതൽ ഗ്രോവ് ബീച്ച് വരെ- 20

വെള്ളാർക്രാഫ്ട് വില്ലേജ് റോഡിൽ- 22

കീഴേവീട് ദേവീക്ഷേത്രം മുതൽ മായക്കുന്ന് റോഡിൽ- 29

ഫയർസ്റ്റേഷനു മുതൽ ലൈറ്റ് ഹൗസ് ബീച്ച് വരെ- 24

■ലീല പാർക്കിന് സമീപം 2 ഹൈ മാസ്റ്റ് ലൈറ്റ്

■കോവളം ബീച്ചിലെ ഇടനാഴികളിൽ 70 തെരുവ് വിളക്കുകൾ

■സമുദ്രാബീച്ച് പാർക്കിൽ 1 മിനി മാസ്റ്റ് ലൈറ്റ്



"ക്രിസ്മസ്, ന്യൂ ഇയർ ആഘോഷങ്ങൾക്ക് നാളുകൾ മാത്രം ബാക്കി നിൽക്കെ സമുദ്രാ ബീച്ച് റോഡ് ഇരുളടഞ്ഞ് കിടക്കുകയാണ്. ടൂറിസം വകുപ്പ് മാസങ്ങൾക്ക് മുൻപ് സ്ഥാപിച്ച ആംബിയൻ ലൈറ്റുകൾ പ്രകാശിപ്പിക്കാൻ നടപടി വേണം. കോടികൾ ചെലവിട്ട് നിർമ്മിച്ച ലൈറ്റുകളിൽ ചിലത് റോഡരികിൽ ഒടിഞ്ഞ് തൂങ്ങിയിട്ടുണ്ട്. സാധാരണ വൈദ്യുതി ബില്ല് ആദ്യ മൂന്ന് മാസം ടൂറിസം വകുപ്പ് അടയ്ക്കുകയും തുടർന്ന് അടയ്ക്കാതിരിക്കുകയും ചെയ്യുന്നതോടെ ഈ പദ്ധതി അവസാനിക്കുകയാണ് പതിവ്. ഇതിനൊരു ശാശ്വത പരിഹാരം ഉണ്ടാകണം.

*പി. സുകേശൻ,*
*സെക്രട്ടറി, എസ്.എൻ.ഡി.പി യോഗം മുട്ടയ്ക്കാട് ശാഖ*



*പരുത്തിപ്പള്ളി സ്വദേശിനി ബിന്ദുവിന് ലയൺസ് ക്ലബ് സിറ്റി വെസ്റ്റ് നിർമ്മിച്ച് നൽകുന്ന വീടിന്റെ തറക്കല്ലിടൽ ഡിസ്ട്രിക് ഗവർണർ ജോൺ ജി. കൊട്ടറ നിർവഹിക്കുന്നു. രാധാകൃഷ്ണൻ, അജികുമാർ, തോമസ് എബ്രഹാം, കെ. രവീന്ദ്രനാഥൻ, വിക്ടർ എഡിസൺ ഫെർണാണ്ടസ്, കെ.എസ്. മധു, ജി. ഗോപകുമാരൻ നായർ, ഗോപകുമാർ, ജി. പത്മനാഭൻ എന്നിവർ സമീപം*

## കട്സ് ആൻഡ് കേൾസിന്റെ സ്പെഷ്യൽ ക്രിസ്മസ് ഓഫർ

തിരുവനന്തപുരം : കട്സ് ആൻഡ് കേൾസിന്റെ സ്പെഷ്യൽ ക്രിസ്മസ് ഓഫറായി പ്രോട്ടീൻ ട്രീറ്റ്മെന്റ്, ഫേയ്ഷ്യൽ, ബ്ലീച്ചിംഗ്, ത്രെഡിംഗ് എന്നിവ 999 രൂപയ്ക്ക് ലഭിക്കും. ഈ ഓഫർ മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് മാത്രം. ഫോൺ : 9633771495, 9633693443.

## പത്രാധിപർ കെ. സുകുമാരൻ സ്മാരക യൂണിയനിൽ വായ്പാ വിതരണം ഇന്ന്

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയനിലെ ശാഖകളിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്കുള്ള 4-ാം ഘട്ട വായ്പാവിതരണം 29ന് വൈകിട്ട് 3ന് കൈതമുക്ക് യൂണിയൻ ഓഫീസിൽ നടക്കും. യൂണിയൻ പ്രസിഡന്റ് ഡി. പ്രേംരാജിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ എസ്.എൻ ട്രസ്റ്റ് ബോർഡംഗം പ്രീതി നടേശൻ വിതരണോദ്ഘാടനം നിർവഹിക്കുമെന്ന് യൂണിയൻ സെക്രട്ടറി ആലുവിള അജിത്ത് അറിയിച്ചു.




*സനലിന്റെ കുടുംബം സെക്രട്ടേറിയറ്റിന് മുമ്പിൽ നടത്തുന്ന സമരത്തിന് ഹ്യൂമൻ റൈറ്റ്സ് ജസ്റ്റിസ് വിജിലൻസ് കൗൺസിൽ, ജ്വാല ഫൗണ്ടേഷൻ, നഗര സംരക്ഷണ സമിതി എന്നിവയുടെ പ്രവർത്തകർ പിന്തുണയുമായെത്തിയപ്പോൾ. കെ.എസ്. ശിവരാജൻ, അശ്വതി ജാല, മഞ്ഞപ്പാറ സലീം, സന്തോഷ് വാമനപുരം, ഷജീർ. എം കല്ലറ, ജയകുമാർ തുടങ്ങിയവർ സമീപം*

## കേന്ദ്രീയ വിദ്യാലയ സ്ഥാപക ദിനാചരണം

തിരുവനന്തപുരം: കേന്ദ്രീയ വിദ്യാലയ സംഘതൻ സ്ഥാപക ദിനാചരണം പാങ്ങോട് ആർമി കന്റോൺമെന്റിലുള്ള കേന്ദ്രീയ വിദ്യാലയത്തിൽ നടന്നു. ഒളിമ്പ്യൻ കെ.എം. ബീനമോൾ വിശിഷ്ടാതിഥിയായി.

കേന്ദ്രീയ വിദ്യാലയ സംഘതൻ പതാക ഉയർത്തിയ ശേഷം വിദ്യാലയ ഗീതാലാപനത്തോടെയാണ് ആഘോഷപരിപാടികൾ ആരംഭിച്ചത്. പ്രിൻസിപ്പൽ ഡോ. സിസി റോയ് മാത്യു സ്ഥാപക ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള മെരിറ്റ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

മികച്ച അദ്ധ്യയനം കാഴ്ചവച്ചതിന് മേഖലാ ഓഫീസ് ഏർപ്പെടുത്തിയ പ്രശംസാസർട്ടിഫിക്കറ്റുകൾ അദ്ധ്യാപകർക്കും സമ്മാനിച്ചു.

സെന്റർ ഫോർ സയൻസ് ആൻഡ് എൻവയൺമെന്റ് ഏർപ്പെടുത്തിയ ചേഞ്ച്മേക്കർ സ്കൂൾ ഒഫ് ദ ഇയർ പുരസ്കാരവും മേഖലാ സ്വച്ഛവിദ്യാലയ, ഹരിത വിദ്യാലയ പുരസ്കാരങ്ങളും ചടങ്ങിൽ പ്രിൻസിപ്പൽ സിസി റോയ് മാത്യുവിന് ഒളിമ്പ്യൻ ബീനമോൾ സമ്മാനിച്ചു. കുട്ടികളുടെ സ്വഭാവം രൂപപ്പെടുത്തുന്നതിൽ വിദ്യാലയങ്ങൾക്കുള്ള പങ്ക് വലുതാണെന്ന് ഒളിമ്പ്യൻ ബീനമോൾ പറഞ്ഞു.

ചടങ്ങിന് ശേഷം സ്കൂൾ വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളും അരങ്ങേറി.



*കേന്ദ്രീയ വിദ്യാലയ സംഘതൻ സ്ഥാപകദിനാചരണത്തോടനുബന്ധിച്ച് മേഖലയിലെ മികച്ച ഹരിതവിദ്യാലയ പുരസ്കാരം കെ.വി പാങ്ങോട് പ്രിൻസിപ്പൽ ഡോ. സിസി റോയ് മാത്യുവിന് ഒളിമ്പ്യൻ ബീനമോൾ സമ്മാനിക്കുന്നു*

## സനലിന്റെ കുടുംബത്തിന് നീതി ഉറപ്പാക്കണം

തിരുവനന്തപുരം: നെയ്യാറ്റിൻകര കൊടങ്ങാവിളയിൽ കൊല്ലപ്പെട്ട സനലിന്റെ കുടുംബം സെക്രട്ടേറിയറ്റിന് മുമ്പിൽ നടത്തുന്ന സമരത്തിന് ഹ്യൂമൻ റൈറ്റ്സ് ജസ്റ്റിസ് വിജിലൻസ് കൗൺസിൽ, ജ്വാല ഫൗണ്ടേഷൻ, നഗര സംരക്ഷണ സമിതി എന്നിവ സംയുക്തമായി ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

സനലിന്റെ കുടുംബത്തിന് അടിയന്തരമായി നീതി ഉറപ്പാക്കണമെന്ന് പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് ഹ്യൂമൻ റൈറ്റ്സ് കൗൺസിൽ സംസ്ഥാന പ്രസിഡന്റ് കെ.എസ് ശിവരാജൻ പറഞ്ഞു. രാധ എസ് നായർ അദ്ധ്യക്ഷയായി.

മഞ്ഞപ്പാറ സലീം മുഖ്യപ്രഭാഷണം നടത്തി. അശ്വതി ജ്വാല, നഗര സംരക്ഷണ സമിതി ജനറൽ സെക്രട്ടറി ഗാന്ധിപുരം അജിതകുമാർ, സന്തോഷ് വാമനപുരം, ഷജീർ എം കല്ലറ, അഡ്വ. അശോക് കുമാർ, കിളിമാനൂർ പ്രസന്നൻ, പി.എസ്. സരോജം, വസന്തകുമാരി, അജി തിരുമല തുടങ്ങിയവർ പ്രസംഗിച്ചു.

## ഭാരതീയം കലോത്സവം ജനുവരി 4 മുതൽ

തിരുവനന്തപുരം: സ്കൂൾതലത്തിലെ കലാപ്രതിഭകളെ തിരഞ്ഞെടുക്കാൻ ഭാരതീയം പ്രതിഭാ കലോത്സവം ജനുവരി 4 മുതൽ 6 വരെ പൂജപ്പുര ശ്രീചിത്തിര തിരുനാൾ ഓഡിറ്റോറിയത്തിൽ നടക്കും. പ്രീ-സ്കൂൾ, എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിലായാണ് കലോത്സവം. ലളിതാഗാനം, പദ്യപാരായണം, ശാസ്ത്രീയസംഗീതം, ദേശഭക്തിഗാനം, മിമിക്രി, മോണോ ആക്ട്, ഫാൻസി ഡ്രസ്, സ്റ്റോറി ടെല്ലിംഗ്, പ്രസംഗമത്സരം, നാടോടിനൃത്തം, സംഘനൃത്തം, സിനിമാറ്റിക് ഡാൻസ്, ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം, ഒപ്പന എന്നിവയാണ് മത്സര ഇനങ്ങൾ. വിജയികൾക്ക് സർട്ടിഫിക്കറ്റ് മെമെന്റോയും കലാതിലകം, പ്രതിഭ, ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്ന സ്കൂൾ എന്നിവർക്ക് കാഷ് അവാർഡും മെമന്റോയും നൽകും. രജിസ്ട്രേഷൻ സൗജന്യം. പങ്കെടുക്കുന്നവർക്ക് സൗജന്യ ഭക്ഷണം ട്രസ്റ്റ് ഒരുക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 24ന് മുമ്പ് കൺവീനർ, ഭാരതീയം ട്രസ്റ്റ്, ഒന്നാം നില, ആർ.കെ.ബിൽഡിംഗ്, ചാടിയറ ജംഗ്ഷൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം 695012 എന്ന വിലാസത്തിൽ അറിയിക്കണം. ഫോൺ 0471-2348336, 9496418336, വാട്സ് ആപ് 9809363929. ഇ-മെയിൽ mail2bharatheeyam@gmail.com

## കാര്യവട്ടം - അരശുംമൂട് റോഡിനെ സാംസ്കാരിക കേന്ദ്രമാക്കും: മന്ത്രി കടകംപള്ളി

കുളത്തൂർ : കാര്യവട്ടം - അരശുംമൂട് റോഡിനെ ഐ.ടി നഗരത്തിന്റെ സാംസ്കാരിക കേന്ദ്രമാക്കുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. കാര്യവട്ടം - തൃപ്പാദപുരം - അരശുംമൂട് റോഡിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം തൃപ്പാദപുരം ജംഗ്ഷനിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

മേയർ വി.കെ. പ്രശാന്ത് അദ്ധ്യക്ഷനായിരുന്നു. കേരള സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. മഹാദേവൻ പിള്ള, പ്രോ. വൈസ് ചാൻസലർ ഡോ. പി.പി. അജയകുമാർ, പൊതുമരാമത്ത് റോഡ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയർ ബിജു, ഡോ. പി. രാഘവൻ, കൗൺസിലർമാരായ സുനിചന്ദ്രൻ, എസ്. ശിവദത്ത്, മേടയിൽ വിക്രമൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ രാജ്മോഹൻ തമ്പി, എസ്.ആർ. ഗോപാലകൃഷ്ണൻ, വി. സാംബശിവൻ തുടങ്ങിയവർ സംസാരിച്ചു.

പൊതുമരാമത്ത് വകുപ്പ് അഞ്ചു കോടി രൂപ ചെലവഴിച്ചാണ് ആധുനിക രീതിയിൽ റോഡ് നവീകരിക്കുന്നത്. കാര്യവട്ടം അമ്പലത്തിൻകര ജംഗ്ഷൻ മുതൽ കുളത്തൂർ അരശുംമൂട് ജംഗ്ഷൻ വരെയുള്ള 2.8 കിലോമീറ്ററാണ് വികസിപ്പിക്കുന്നത്.

നിലവിലെ റോഡ് ഒമ്പത് മീറ്റർ വീതിയിൽ നവീകരിച്ച് ഇരുവശത്തും ഓടയും ടൈൽ പാകിയ ഫുട്പാത്തും ബസ് ബേയും ഇരിപ്പിടങ്ങളും ഒരുക്കും. കേബിളുകളും വാട്ടർലൈനുകൾക്കും പ്രത്യേക പാതയൊരുക്കും. സൗകര്യമുള്ളയിടങ്ങളിൽ ചുവർ ചിത്രങ്ങളുൾപ്പെടുത്തി പൈതൃക റോഡാക്കും. ബി.എം ആൻഡ് ബി.സി സാങ്കേതിക വിദ്യയിൽ ടാറിംഗ് നടത്തി റെട്രോ റിഫ്ലെക്ടറൈസ്ഡ് മാതൃകയിൽ ട്രാഫിക് സേഫ്ടി റോഡ് മാർക്കിംഗ് നടത്തിയാണ് നവീകരിക്കുന്നത്.



*കാര്യവട്ടം - തൃപ്പാദപുരം - അരശുംമൂട് റോഡിന്റെ നവീകരണ പ്രവർത്തനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. പ്രൊഫ. മഹാദേവൻ പിള്ള, ഡോ. പി.പി. അജയകുമാർ, എൻജിനിയർ ബിജു, ഡോ. പി. രാഘവൻ, സുനിചന്ദ്രൻ, എസ്. ശിവദത്ത്, മേടയിൽ വിക്രമൻ, രാജ്മോഹൻ തമ്പി, എസ്.ആർ. ഗോപാലകൃഷ്ണൻ, വി. സാംബശിവൻ തുടങ്ങിയവർ സമീപം*




*എ.എച്ച്.എസ്.ടി.എ ജില്ലാ സമ്മേളനം കെ.മുരളീധരൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു*

## ഹൈസ്കൂൾ - ഹയർസെക്കൻഡറി ലയനം പാടില്ല: കെ. മുരളീധരൻ

തിരുവനന്തപുരം: വിദ്യാഭ്യാസ മേഖലയെ നശിപ്പിക്കുന്ന ഹൈസ്കൂൾ -ഹയർസെക്കൻഡറി ലയനം ഉപേക്ഷിക്കണമെന്ന് കെ. മുരളീധരൻ എം.എൽ.എ ആവശ്യപ്പെട്ടു. മികച്ച അക്കാഡമിക് നിലവാരത്തോടെ കാൽനൂറ്റാണ്ടായി പ്രവർത്തിക്കുന്ന ഹയർസെക്കൻഡറിയെ അതേരൂപത്തിൽ നിലനിറുത്തണം. പരീക്ഷകൾ ഏകീകരിക്കുന്നത് വിദ്യാർത്ഥികളിൽ മാനസിക സമ്മർദ്ദമുണ്ടാക്കും. വിദ്യാഭ്യാസമേഖലയിൽ രാഷ്ട്രീയം കലർത്താൻ ശ്രമിച്ചാൽ യു.ഡി.എഫ് ശക്തമായി പ്രതികരിക്കുമെന്നും എയ്ഡഡ് ഹയർസെക്കൻഡറി ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് അദ്ദേഹം പറഞ്ഞു.

ജില്ലാ പ്രസിഡന്റ് ബ്രീസ്. എം. എസ്. രാജ് അദ്ധ്യക്ഷനായി. അനിൽ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി കെ.പി. വിനു വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് ബി. മോഹൻകുമാർ, ജനറൽ സെക്രട്ടറി എസ്. മനോജ്, വൈസ് പ്രസിഡന്റ് ആർ. അരുൺകുമാർ, എസ്. സജീവ്, ജെ. ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.